LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധരായ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കാൻ നടപടി

27 [2799] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന വൃദ്ധരായ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) വൃദ്ധരായ നെയ്ത്തു തൊഴിലാളികൾക്ക് വേണ്ടി പ്രത്യേക വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഇ) വൃദ്ധരായ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) വൃദ്ധ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) 100 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. മരണപ്പെട്ടാൽ ആശ്രിത ധനസഹായമായി 5000 രൂപ അനുവദിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൈത്തറി ക്ഷേമനിധി ബോർഡ് വൃദ്ധരായ നെയ്ത്തു തൊഴിലാളികൾക്കുവേണ്ടി മേൽ സൂചിപ്പിച്ച സംരക്ഷണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

കൈത്തറി മേഖലയിലെ ആധുനിക വസ്ത്ര നിർമ്മാണ യൂണിറ്റ്

28 [2800] ശ്രീ. ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, കെ. ബാബു :
,, ലൂഡി ലൂയിസ് :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി ഉൽപാദകരുടേതുൾപ്പെടെ എത്ര വസ്ത്ര നിർമ്മാണ യൂണിറ്റുകളുണ്ട്;

(ബി) ഇവയിൽ എത്ര വസ്ത്ര നിർമ്മാണ യൂണിറ്റുകൾ പുതിയ സാങ്കേതിക വിദ്യയുപയോഗിച്ച് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണം നടത്തുന്നു;

(സി) ബാക്കിയുള്ളവ ആധുനികവത്ക്കരിക്കാൻ എന്തെങ്കിലും തീരുമാനമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ)	(i)	സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കൈത്തറിസഹകരണ സംഘങ്ങൾ	-	437
	(ii)	പവ്വർലൂം സംഘങ്ങൾ	-	33
	(iii)	ഗാർമെന്റ് യൂണിറ്റുകൾ	-	31
	(iv)	അപ്പാരൽ പാർക്ക്	-	1
		ആകെ	-	502

(ബി) അപ്പാരൽ പാർക്കുകളിൽ ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണം നടന്നുവരുന്നുണ്ട്.

(സി) കൈത്തറി വസ്ത്രമുപയോഗിച്ചുള്ള ഗാർമെന്റ് നിർമ്മാണരംഗത്ത് ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ആധുനിക കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് പുതിയ ഡിസൈനുകൾക്ക് രൂപം നൽകി കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിനും അവ റെഡി മെയ്ഡ് ഗാർമെന്റായി പരിവർത്തനംചെയ്ത് വിപണിയിലെത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

എൻ. ടി. സി. മില്ലുകൾ

29 [2801] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എൻ. ടി. സി. മില്ലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എൻ.ടി.സി. മില്ലുകളുടെ നവീകരണത്തിന് കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതായി അറിയാമോ;

(സി) അളഗപ്പനഗർ എൻ. ടി. സി. മില്ലും പുല്ല കേരള ലക്ഷ്മി മില്ലും സമർപ്പിച്ചിട്ടുള്ള നവീകരണ പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly